പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 5277

23.7.2010ൽ
മറുപടി നൽകേണ്ടിയിരുന്നത്

പുറമ്പോക്ക് ഭൂമി

ചോദ്യം
ശ്രീ.എം.ഉമ്മർ :

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂ വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) റവന്യൂ വകുപ്പിന്റെ കീഴിൽ ഉള്ള പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി കണക്കെടുത്തിട്ടുണ്ടോ ; എങ്കിൽ ഓരോ ജില്ലയിലും എത്ര ഭൂമിയുണ്ടെന്നത് സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ ; | (എ) ഉണ്ട്. |

| | |
|---|---|
| തിരുവനന്തപുരം | 16172.81.10 ഹെക്ടർ |
| കൊല്ലം | 18879.17.51 ഹെക്ടർ |
| ആലപ്പുഴ | 11482.40.21 ഹെക്ടർ |
| ഇടുക്കി | 106107.97.48 ഹെക്ടർ |
| കോട്ടയം | 5160.13.19 ഹെക്ടർ |
| എറണാകുളം | 9134.36.86 ഹെക്ടർ |
| തൃശ്ശൂർ | 4907.03.68 ഹെക്ടർ |
| പാലക്കാട് | 765.44.12 ഹെക്ടർ |
| മലപ്പുറം | 1924.00.51 ഹെക്ടർ |
| കോഴിക്കോട് | 386.82.87 ഹെക്ടർ |
| വയനാട് | 387.9367 ഹെക്ടർ (ബത്തേരി താലൂക്കിലെ അളന്ന് തിട്ടപ്പെടുത്തിയ കണക്ക് ലഭ്യമല്ല). |
| കണ്ണൂർ (തളിപ്പറമ്പ് താലൂക്ക് ഒഴികെ) | 251.8969 ഹെക്ടർ തളിപ്പറമ്പ് താലൂക്കിലെ റവന്യൂ ഭൂമി അളന്നു തിട്ടപ്പെടുത്താവുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| കാസർഗോഡ് | 3134.0047 ഹെക്ടർ |
| പത്തനംതിട്ട | 11265.05.89 ഹെക്ടർ |

| ചോദ്യം | ഉത്തരം |
|---|---|
| (ബി) ഈ ഭൂമിയിൽ കയ്യേറ്റങ്ങളുണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം നൽകാമോ ; | (ബി)1. തിരുവനന്തപുരം ജില്ല<br>നെയ്യാറ്റിൻകര താലൂക്കിൽ 22.65.50 ഹെക്ടർ ഭൂമിയിൽ കൈയ്യേററം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെടുമങ്ങാട് താലൂക്കിൽ കൈയ്യേറ്റം സംബന്ധിച്ച് 121 കേസുകൾ എടുത്തിട്ടുള്ളതും 54 കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുള്ളതുമാണ്. തിരുവനന്തപുരം, ചിറയിൻകീഴ് താലൂക്കുകളിൽ കൈയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

2. കൊല്ലം ജില്ല

പുറമ്പോക്ക് ഭൂമിയിൽ കൈയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 29.5268 ഹെക്ടർ ഭൂമി അനധികൃത കൈയ്യേറ്റക്കാരിൽ നിന്നും തിരിച്ച് പിടിച്ചിട്ടുണ്ട്.

3. ആലപ്പുഴ ജില്ല

അമ്പലപ്പുഴ, ചേർത്തല, ചെങ്ങന്നൂർ എന്നീ താലൂക്കുകളിൽ 13.96.80 ഹെക്ടർ പുറമ്പോക്ക് ഭൂമി (കായൽ ഉൾപ്പെടെ) കൈയ്യേറിയിട്ടുണ്ട്. ഇതിൽ 3.81.25 ഹെക്ടർ ഭൂമി ഒഴിപ്പിച്ചെടുത്തിട്ടുണ്ട്. ബാക്കി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4. ഇടുക്കി ജില്ല

പുറമ്പോക്ക് ഭൂമിയിൽ കൈയ്യേറ്റമുണ്ട്. പുതിയ കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

5. കോട്ടയം ജില്ല

പുറമ്പോക്ക് ഭൂമിയിൽ കൈയ്യേറ്റമുണ്ട്. 1706 കേസുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നു.

6.& 7 എറണാകുളം & തൃശ്ശൂർ

ശ്രദ്ധയിൽപ്പെട്ട കൈയ്യേറ്റങ്ങൾ കേരള ഭൂസംരക്ഷണ നിയമ പ്രകാരം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

8. പാലക്കാട് ജില്ല

റവന്യൂ പുറമ്പോക്ക് ഭൂമിയിൽ 1423 കേസുകളിൽ കൈയ്യേറ്റം കണ്ടെത്തിയതിൽ 720 കേസുകളിലായി 1.11 ഹെക്ടർ ഭൂമി ഒഴിപ്പിച്ചെടുത്തിട്ടുണ്ട്.

9. മലപ്പുറം ജില്ല

പുറമ്പോക്ക് ഭൂമിയിലെ കൈയ്യേറ്റവുമായി ബന്ധപ്പെട്ട് 507 കേസുകൾ നിലവിലുണ്ട്.

10. കോഴിക്കോട് ജില്ല

കൈയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

11. വയനാട് ജില്ല

68.7246 ഹെക്ടറിൽ കൈയ്യേററം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| | |
|---|---|
| | <u>12. കണ്ണൂർ ജില്ല</u><br>കൈയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br><u>13. കാസറഗോഡ് ജില്ല</u><br>120 കേസുകളിലായി 11.98 ഏക്കർ ഭൂമിയിൽ കൈയ്യേറ്റമുണ്ട്.<br><br><u>14. പത്തനംതിട്ട ജില്ല</u><br>കോഴേഞ്ചേരി താലൂക്കിൽ 48 കേസുകളിലായി 3.91.10 ഹെക്ടർ ഭൂമിയും മല്ലപ്പള്ളി താലൂക്കിൽ 17.20 ആർ ഭൂമിയും റാന്നി താലൂക്കിൽ 1.47.08 ഹെക്ടർ ഭൂമിയും കൈയ്യേറിയിട്ടുള്ളതായും കെ.എൽ.സി. പ്രകാരമുള്ള നടപടികൾ നടത്തി വരുന്നു. |
| (സി) റവന്യൂ പുറമ്പോക്കിൽപ്പെട്ട ഭൂമി പതിച്ചു നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമായ കണക്ക് ലഭ്യമാക്കുമോ ? | (സി) ഭൂമി പതിവ് നിയമ പ്രകാരം പതിച്ച് നൽകുന്നതിനുള്ള നടപടികൾ മിക്കവാറും എല്ലാ ജില്ലകളിലും നടന്നു വരുന്നു. |

Kajeini

സെക്ഷൻ ഓഫീസർ